## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശു നൽകുന്നതിനെയല്ല, യേശുവിനെ സ്വീകരിക്കുക, നാം ജീവിതത്തിൽ സംതൃപ്തരായിരിക്കും. അതേ സംതൃപ്തിയോടു ജീവിതം അവസാനിപ്പിക്കുവാനും സാധിക്കും. ആടുകൾ സ്വസ്ഥമായി കിടക്കണമെങ്കിൽ അവ കിടക്കുന്ന സ്ഥലം മലിനപ്പെടാത്തതും ഈർപ്പമില്ലാത്തതും ആയിരിക്കണം. മററു മൃഗങ്ങളെ വളർത്തുന്ന പ്രകാരം ആടുകളെ വളർത്തുവാൻ സാദ്ധ്യമല്ല. മററു ജന്തുക്കൾ കിടക്കുന്നിടത്ത് ആടുകൾ കിടക്കുകയില്ല. നനവും മാലിന്യവും ഉള്ള സ്ഥലങ്ങളിൽ മററ് മൃഗങ്ങൾ കിടന്നേക്കാം, എന്നാൽ ആടുകൾ കിടക്കുകയില്ല. ദൈവജനത്തെ ആടുകളോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് എന്ന വസ്തുത എത്ര ശ്രദ്ധേയമാണ്. ഏതു സ്ഥാനത്തും ആരുടെ കൂടെയും കഴിയുവാൻ ദൈവജനത്തിന് സാദ്ധ്യമല്ല. പാപത്തിന്റേതായ മാലിന്യവും ലോകയിമ്പങ്ങളാകുന്ന ഈർപ്പമുള്ള സ്ഥാനങ്ങളിൽ സ്വസ്ഥമായി കിടക്കുവാൻ യേശുവിന്റെ ആടുകൾക്ക് കഴിയുകയില്ല. സ്നേഹിതാ, നാം കർത്താവിന്റെ ആടാകുന്നുവെങ്കിൽ, മററുള്ളവരെപ്പോലെ ആയിരിക്കുവാനോ, ജീവിക്കുവാനോ, മററുള്ളവർ ആയിരിക്കുന്ന സ്ഥാനങ്ങളിൽ ആയിരിക്കുവാനേ നമുക്ക് സാധിക്കുകയില്ല.

ലോകയിമ്പങ്ങളിൽ മററുള്ളവർ പ്രമോദിക്കുമ്പോൾ അത് തികച്ചും നമുക്ക് അരോചകമായിരിക്കും. മററുള്ളവർ പാപത്തിൽ ആനന്ദിക്കുമ്പോൾ, അവിടെ നിൽക്കാൻപോലും നമുക്ക് സാധിക്കുകയില്ല. പാപം ചെയ്യുന്നത് പോകട്ടെ, പാപികളുടെ വഴിയിൽ നിൽക്കാൻ പോലും നമുക്ക് സാധിക്കുകയില്ല. ദുഷ്ടത പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്നു മാത്രമല്ല, ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കുവാൻ പോലും നമുക്ക് സാധിക്കുകയില്ല. കാരണം നാം കർത്താവിന്റെ ആടാണ്. നാം യേശുവിന്റെ പൈതലും അവനായി വേർതിരിക്കപ്പെട്ടവരുമാണ്. ഇതുകൊണ്ടാണ് ഇടയൻ ആടുകളെ എവിടെയെങ്കിലും അഴിച്ചു വിട്ടു തീററാതെ, അവയ്ക്കായി പ്രത്യേകമായ പുൽമേടുകൾ തയ്യാറാക്കുന്നത്. ദാവീദ് ഇവിടെ പ്രസ്താവിക്കുന്ന പുൽമേടുകൾ സ്വാഭാവികമായി ഉണ്ടായിട്ടുള്ളവയല്ലെന്നും പ്രത്യേകമായി അദ്ധ്വാനിച്ച് ഉണ്ടാക്കിയിട്ടുള്ളവയാണെന്നും കാണുന്നു. ഈ ലോകത്തിന്റേതായ മാലിന്യങ്ങളും ഈർപ്പവുമുള്ള സ്ഥാനങ്ങളിൽ തന്റെ ആടുകൾ അലഞ്ഞുതിരിയുവാനോ ഞെരങ്ങി കൊണ്ട് കഴിഞ്ഞുകൂടുവാനോ കർത്താവ് ആഗ്രഹിക്കുന്നില്ല. അവയ്ക്കായി വളരെയധികം അദ്ധ്വാനിച്ച് നല്ലനിലയിലുള്ള പച്ചപുൽമേടുകൾ അവൻ ഒരുക്കിയിരിക്കുന്നു.

തുടരും....